# സെൽഫി

കിട്ടു എലി മഹാവികൃതിയാണ്. എന്തു നേരവും ഫോണിൽ സെൽഫി എടുത്തുകൊണ്ടിരിക്കും.. എന്തുപറഞ്ഞാലും അനുസരിക്കില്ല. ഒരുദിവസം കിട്ടു എലിയുടെ അമ്മ പുറത്ത് പോകുമ്പോൾ പറഞ്ഞു. ഞാൻ പുറത്ത് പോവുകയാ.... നീ വാതിലടച്ച് ഇരുന്നോ. ഞാൻ വന്ന് വിളിക്കുമ്പോൾ മാത്രം വാതിൽ തുറന്നാൽ മതി. പക്ഷെ, കിട്ടു അത് അനുസരിച്ചില്ല. അപ്പോഴാണ് ഭയങ്കരനായ കാടൻ പൂച്ച അതുവഴി വന്നത്. കിട്ടു എലിയെ കണ്ടപ്പോൾ കാടൻ പൂച്ചയ്ക്ക് സന്തോഷമായി. അവൻ പതുക്കെ ചെന്നു. ഇതൊന്നും കിട്ടു എലി അറിഞ്ഞില്ല. അവൻ സെൽഫി എടുക്കുകയാണ്. കാടൻ പൂച്ച ഫോൺ എടുത്ത് എലിയെ തിന്നുന്നത് വീഡിയോ എടുക്കാൻ തുടങ്ങി. പതുക്കെ കാടൻ പൂച്ച എലിയുടെ വാൽ പിടിച്ച് ഉയർത്തിപ്പിടിച്ച് കറക്കാൻ ഒരുങ്ങി. അപ്പോഴാണ് കിട്ടു എലിയുടെ അമ്മ വന്നത്. അമ്മയെ കണ്ടപ്പോൾ പൂച്ച എലിയെ ഇട്ട് ഓടി പോയി. അമ്മ പറഞ്ഞത് അനുസരിക്കാത്തത് കൊണ്ടും ഫോണിന്റെ അമിത ഉപയോഗം കൊണ്ടുമാണ് തനിക്ക് ഇങ്ങനെ